"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 281, (ഇടുക്കി) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.238/2024/Co-Op തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:- 1. 14/07/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

2 . സഹകരണ സംഘം രജിസ്ട്രാറുടെ 04/08/2023ലെ പി&എം.ബി (4) 6164/2023നം കത്ത്.

3. സ.ഉ (സാധാ) നം.134/2024/സഹ തീയതി 06/03/2024

4 . സഹകരണ സംഘം രജിസ്ട്രാറുടെ 17/05/2024 ലെ പി& എം ബി(6) 6164/2023 നം കത്ത്.

**<u>ഉത്തരവ്</u>**

"സഹകരണ ഉൽപന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" പദ്ധതിയിൽ (പുതിയ പദ്ധതി) ഉൾ പ്പെടുത്തി തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 281, ന്റെ ഉൽപ്പന്നമായ "സഹ്യ തേയില" മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമുള്ള ധനസഹായമായി സബ്സിഡി ഇനത്തിൽ 50.00 ലക്ഷം രൂപയും (ശീർ ഷകം - 2425-108-25) ഓഹരി ഇനത്തിൽ 50.00 ലക്ഷം രൂപയും (ശീർ ഷകം - 4425-108-23) ഉൾപ്പെടെ ആകെ 100.00 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 2023-24 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർ ശം ( 3 ) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത തുകയിൽ ഓഹരിയിനത്തിലെ തുക സംഘത്തിന് പിൻവലിച്ച് നൽകാൻ സാധിച്ചിരുന്നു. എന്നാൽ സബ്സിഡി ശീർഷകത്തിലെ തുകയായ 50 ലക്ഷം രൂപ ടി വർഷത്തിൽ സംഘത്തിന് പിൻവലിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല എന്നും ടി തുക 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം (4) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. "സഹകരണ ഉൽപന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" പദ്ധതിയിൽ (പുതിയ പദ്ധതി) ഉൾപ്പെടുത്തി തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 281, ന്റെ ഉൽ പ്പന്നമായ "സഹ്യ തേയില" മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനും

കയറ്റുമതി ചെയ്യുന്നതിനുമുള്ള ധനസഹായമായി സബ്സിഡി ഇനത്തിൽ പിൻവലിച്ച് നൽകുവാനുള്ള 50.00 ലക്ഷം രൂപ (ശീർഷകം - 2425-108-25) 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രസിഡന്റ് , തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 281, (ഇടുക്കി)

(സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/199/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Radhika P
Date: 25-05-2024 15:36:27
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി